# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1967 — 14.08.2017 — ൽ മറുപടിക്ക്

## ദരിദ്ര കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇനിയും വിതരണം ചെയ്യാനുള്ള റേഷൻ കാർഡുകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) എ.എ.വൈ. - 94,528<br>മുൻഗണനാ - 4,78,207<br>പൊതുവിഭാഗം (സബ്സിഡി) - 4,29,065<br>പൊതുവിഭാഗം (നോൺ സബ്സിഡി) - 1,90,680<br>**ആകെ 11,92,480** |
| (ബി) സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി റേഷൻ കാർഡുകൾ ലഭിച്ചിട്ടുള്ളവർ ഉടൻ തന്നെ തിരിച്ചു നൽകി പുതിയതു സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പത്ര/ദൃശ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യം നൽകുവാനും ആയതിനു സമയപരിധി നിശ്ചയിക്കുവാനും അവർക്ക് യഥാസമയം കാർഡുകൾ ലഭിക്കാനുള്ള സൗകര്യം നൽകുവാനുമായി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) 06.08.2017-ന് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഉൾപ്പെടെ വിശദമായ പരസ്യം പത്രമാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് തന്നെ കാർഡുകളിൽ 'പൊതുവിഭാഗം' എന്ന സീൽ പതിപ്പിച്ച് നൽകുന്നതിനും റേഷൻ കാർഡിന്റെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റേഷൻകാർഡ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പുതുക്കിയ റേഷൻ കാർഡ് ലഭിച്ചവരിൽ എത്രപേർ സർക്കാർ / അർദ്ധ സർക്കാർ/ഐ.റ്റി മേഖല / പൊതുമേഖല ഉദ്യോഗസ്ഥർ / പെൻഷൻകാർ ഉണ്ട് എന്ന കണക്ക് വകുപ്പ് പരിശോധിച്ചുവോ; എങ്കിൽ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) പുതുക്കിയ റേഷൻകാർഡ് ലഭിച്ചവരെ തൊഴിൽ മേഖലയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശോധന നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇവരിൽ എത്രപേർ മുൻഗണനാ വിഭാഗത്തിലെ കാർഡുകൾ അനധികൃതമായി വാങ്ങിയിട്ടുണ്ട്; അതിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എത്ര; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ മേഖലയിൽ ജോലി നോക്കുന്നവർ, സർവ്വീസ് പെൻഷൻകാർ എന്നിവർ ഉൾപ്പെടെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട 52123 പേർ സ്വമേധയാ ഒഴിയുന്നതിനായി അപേക്ഷ സമർപ്പിച്ച് കാർഡുകൾ മാറ്റി വാങ്ങിയിട്ടുണ്ട്. ഇവരുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ശേഖരിച്ചിട്ടില്ല. |
| (ഇ) | റേഷൻ കാർഡുകൾ പുതുക്കി നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കേണ്ട അധികാരികൾ ആരെല്ലാമായിരുന്നു; ഏതെല്ലാം വകുപ്പുകളെ ഇതിൽ ഏകോപിപ്പിച്ചു; എന്ത് പ്രവർത്തനങ്ങൾക്കനുസൃതമായി ഇത് നൽകി എന്നും വ്യക്തമാക്കുമോ; | (ഇ) | താലൂക്ക് സപ്ലൈ ഓഫീസർമാരാണ് റേഷൻകാർഡ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ പരിശോധിക്കാൻ ചുമതലപ്പെട്ട ഓഫീസർമാർ. തദ്ദേശ സ്വയം ഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയത്. |
| (എഫ്) | സംസ്ഥാനത്തെ പല ദരിദ്രരും മുൻഗണനാ ലിസ്റ്റിൽ നിന്നും പുറത്താകുകയും അനർഹർ ഉൾപ്പെട്ടതും പരിശോധിച്ച് മുൻഗണന ലഭിക്കേണ്ട ദരിദ്ര കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (എഫ്) | മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യം, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളേയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവെച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*